STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.11/PR/SPMC/PHQ/2025 Date: 13.02.2025

# 'ഹോപ്പ്' പദ്ധതിയിലൂടെ തുടർപഠനത്തിനുള്ള തയ്യാറെടുപ്പുമായി 1426 കുട്ടികൾ.

2024-25 അധ്യായന വർഷത്തിൽ ഹോപ്പ് പദ്ധതിയിലൂടെ തുടർപഠനത്തിന് സംസ്ഥാനത്താകെ തയ്യാറെടുക്കുന്നത് 1426 കുട്ടികളാണ്. 48 കുട്ടികൾ എസ്എസ്എൽസിക്കും 1378 കുട്ടികൾ പ്ലസ് ടൂ പരീക്ഷക്കുമാണ് തയ്യാറെടുക്കുന്നത്. 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ വിവിധ കാരണങ്ങളാൽ പഠനം പാതിയിൽ ഉപേക്ഷിച്ചവർക്കും പരീക്ഷയിൽ തോൽവി സംഭവിച്ചവർക്കും തുടർപഠനത്തിന് അവസരമൊരുക്കുന്ന കേരള പോലീസിന്റെ പദ്ധതിയാണ് ഹോപ്പ്. 2017ൽ ആരംഭിച്ച പദ്ധതിയിൽ ഏറ്റവും കൂടുതൽ പഠിതാക്കൾ പങ്കെടുക്കുന്ന വർഷം കൂടിയാണിത്.

തിരുവനന്തപുരം റൂറൽ ജില്ലയിൽനിന്നാണ് ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷയ്ക്കായി തയ്യാറെടുക്കുന്നത്. എസ്എസ്എൽസിക്ക് പതിനൊന്നും പ്ലസ് ടൂവിന് 226 കുട്ടികളുമായി 237 കുട്ടികൾ ജില്ലയിൽ നിന്നുണ്ട്. തിരുവനന്തപുരം സിറ്റിയിൽ നിന്ന് 104 കുട്ടികളും ഭാഗമാകുന്നുണ്ട്. കോട്ടയത്തുനിന്നു 139ും കോഴിക്കോട് സിറ്റിയിൽ നിന്ന് 122 കുട്ടികളും ചേർന്നിട്ടുണ്ട്. 12 കുട്ടികൾ മാത്രമായി ഏറ്റവും കുറവ് കുട്ടികൾ കണ്ണൂർ റൂറൽ ജില്ലയിൽ നിന്നാണ്. മറ്റ് 15 ജില്ലകളിലനിന്നു ശരാശരി 55 കുട്ടികൾ എന്ന നിലയിൽ പദ്ധതിയിൽ പങ്കുചേർന്നിട്ടുണ്ട്. 18 സർക്കാർ സ്ഥാപനങ്ങളും 50 സ്വകാര്യ സ്ഥാപനങ്ങളുമായി 68 ഇടങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാനത്താകെ 210 പേരുടെ സന്നദ്ധസേവനവും ലഭ്യമാക്കുന്നുണ്ട്.

പഠനം പാതിയിൽ ഉപേക്ഷിച്ചതും പരീക്ഷയിൽ തോൽവി സംഭവിച്ചതുമായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നതിലൂടെ സമൂഹത്തിൽ അന്തസ്സോടെ ജീവിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ പദ്ധതിയിലൂടെ നാളിതുവരെ 5750 കുട്ടികളെ പരീക്ഷയ്ക്ക് തയാറെടുപ്പിക്കുകയും അവരിൽ 3603 കുട്ടികൾ ഉന്നത പഠനതിന്ന് അർഹത നേടുകയും ചെയ്തിട്ടുണ്ട്.

*************************************************************